DESPATCHED
On 4/12/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം.

ഹർജി നമ്പർ സി.പി. 215(3)/2020/എസ്.ഐ.സി.

ഉത്തരവ് തീയതി : 09.12.2020

സന്നിഹിതൻ

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. മനോജ് കുമാർ വി,<br>ഫയർ & റെസ്ക്യൂ ഓഫീസർ നം.5867,<br>ഫയർ & റെസ്ക്യൂ സ്റ്റേഷൻ, മട്ടാഞ്ചേരി,<br>എറണാകുളം – 682 002. | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,<br>ഫയർ & റെസ്ക്യൂ സ്റ്റേഷൻ, മട്ടാഞ്ചേരി,<br>എറണാകുളം – 682 002. | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 12.02.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 25.02.2020 |
| കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ച തീയതി | 04.03.2020 |
| ഹർജിക്കാരന്റെ പരാതി കൈപ്പറ്റിയ തീയതി | 05.03.2020 |

## ഉത്തരവ്

ഈ പരാതി ഹർജി തീർപ്പാക്കുവാനായി 21.10.2020 ന് നടത്തിയ ഓഡിയോ കോൺഫറൻസിൽ മട്ടാഞ്ചേരി അഗ്നി രക്ഷാ നിലയത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെയും (എസ്.പി.ഐ.ഒ), ഹർജിക്കാരന്റെയും മൊഴിയും സമർപ്പിക്കപ്പെട്ട രേഖകളും വിശദമായി പരിശോധിച്ച് ഈ പരാതി ഹർജി താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ട പ്രകാരം ലഭിച്ച രേഖകളിൽ എസ്.പി.ഐ.ഒ കൃത്രിമം കാട്ടിയിട്ടുണ്ടെന്നും, അപ്രകാരം കൃത്രിമത്തിൽ കൂടെ തിരുത്തലുകൾ വരുത്തിയ രേഖയുടെ പകർപ്പുകളാണ് ലഭ്യമാക്കിയതെന്നുമാണ്

ഹർജിക്കാരന്റെ ആരോപണം. ടിയാന്റെ ആരോപണം തെളിയിക്കുവാനായി എസ്.പി.ഐ.ഒ ലഭ്യമാക്കിയ രേഖകളുടെ പകർപ്പും, ഹർജിക്കാരൻ വിവരാവകാശ അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട രേഖകൾ തന്റെ മൊബൈൽ ഫോൺ ക്യാമറയിൽ പകർത്തിയ പകർപ്പും ഈ പരാതി ഹർജിയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്.

3. ഹർജിക്കാരന്റെ ആരോപണം പ്രധമദൃഷ്ട്യാൽ ശരിയാണെന്ന് തോന്നുന്ന രീതിയിലുള്ള രേഖകളാണ് ഹർജിക്കാരൻ കമ്മീഷനിൽ ലഭ്യമാക്കിയിരിക്കുന്നത്. അതിന് ടിയാൻ നൽകിയ വിശദീകരണം ടിയാൻ 11.02.2020 ന് ബന്ധപ്പെട്ട രേഖകളുടെ ഫോട്ടോ തന്റെ മൊബൈൽ ഫോൺ ക്യാമറയിൽ പകർത്തിയെന്നും, അതിനു ശേഷം 12.02.2020 ന് ടി രേഖകളുടെ പകർപ്പുകൾ ആവശ്യപ്പെട്ടുകൊണ്ട് വിവരാവകാശ അപേക്ഷ സമർപ്പിച്ചെന്നും, വിവരാവകാശ അപേക്ഷ സമർപ്പിച്ചതിനു ശേഷം യഥാർത്ഥ രേഖകളിൽ വെട്ടിതിരുത്തലുകൾ വരുത്തിയതിനു ശേഷം തനിക്ക് മറുപടി നൽകുകയായിരുന്നുവെന്നുമാണ്.

4. ഇതുസംബന്ധിച്ച് എസ്.പി.ഐ.ഒ വിശദീകരിച്ചത് ഹർജിക്കാരന്റെ ആരോപണം തെറ്റാണെന്നാണ്. ഹർജിക്കാരന് തെറ്റായ വിവരം നൽകുകയെന്ന ഉദ്ദേശത്തോടുകൂടിയല്ല തിരുത്തൽ വരുത്തിയതെന്നും, വിട്ടുപോയ ചില സംഗതികൾകൂട്ടി ചേർക്കുന്നതിനുവേണ്ടി നടത്തിയ തിരുത്തലുകളാണെന്നുമാണ് എസ്.പി.ഐ.ഒ കമ്മീഷനിൽ ബോധിപ്പിച്ചത്. അത്തരം തിരുത്തലുകൾ പലപ്പോഴും അനിവാര്യമാണെന്നാണ് എസ്.പി.ഐ.ഒ യുടെ പക്ഷം.

4. ഹർജിക്കാരൻ ഹാജരാക്കിയ രണ്ട് രേഖകൾ തമ്മിൽ വ്യത്യാസം കാണുന്നുണ്ട്. എസ്.പി.ഐ.ഒ കൊടുത്ത രേഖയിൽ വിവരാവകാശ അപേക്ഷ ലഭിച്ചതിനു ശേഷം വരുത്തിയ തിരുത്തലുകൾ എന്നാണ് ഹർജിക്കാരന്റെ വാദം. എന്നാൽ അത് ഹർജിക്കാരന് തെറ്റായ വിവരം നൽകുന്നതിനുവേണ്ടിയാണ് എസ്.പി.ഐ.ഒ തിരുത്തൽ നടത്തിയതെന്ന വാദം തെളിയിക്കുവാനുതകുന്ന രേഖകളല്ല. ശരിയായ

ഉദ്ദേശത്തോടുകൂടി തിരുത്തൽ വരുത്തിയതുമാകാം. എസ്.പി.ഐ.ഒ യുടെ ഭാഗത്തുനിന്നും ദുരുദ്ദേശം തെളിയിക്കുവാൻ കഴിയാത്തതിനാൽ അത് സംബന്ധിച്ച് കൂടുതൽ ഇടപെടൽ ആവശ്യമില്ലെന്ന് കാണുന്നു. ആറ് മാസങ്ങൾക്കു മുമ്പേ എഴുതി പൂർത്തീകരിച്ച ഒറിജിനൽ രേഖ അനുവദിയ്ക്കണമെന്നാണ് ഹർജിക്കാരൻ ഈ അപ്പീലിൽ ആവശ്യപ്പെട്ടിരിക്കുന്നത്. തന്റെ മൊബൈൽ ഫോൺ ക്യാമറയിൽ ഫോട്ടോയെടുത്ത് ശേഖരിച്ചതാണെങ്കിലും ടിയാൻ ഉദ്ദേശിച്ച തിരുത്തൽ വരുത്തുന്നതിന് മുമ്പുള്ള രേഖയുടെ പകർപ്പ് ടിയാന്റെ കൈവശമുണ്ട്. ഒറിജിനൽ രേഖയിൽ തിരുത്തൽ വരുത്തി കഴിഞ്ഞതിനാൽ തിരുത്തൽ വരുത്തുന്നതിനു മുമ്പുള്ള രേഖ ലഭ്യമാക്കുക എന്നത് ഒരിക്കലും നടക്കാത്ത കാര്യമാണ്. ആയതിനാൽ ഈ പരാതി ഹർജിയിൽ അനന്തര നടപടികൾ ആവശ്യമില്ലെന്ന് കണ്ട് അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 ഡിസംബർ മാസം 09–ാം തീയതി തീർപ്പാക്കുന്നു.

ഒപ്പ്
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

JN